


**ചിന്താസ്വാതന്ത്ര്യവും ആശയസ്വാതന്ത്ര്യവും ഇല്ലാത്ത സ്വേച്ഛാധിപത്യ ഭരണത്തെയാണ് ഫാസിസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഫാസിസത്തിനെതിരായ ഒരു അനശ്വര സിനിമയെക്കുറിച്ച്**

# ദ ഗ്രേറ്റ് ഡിക്റ്റേറ്റർ

**ഫാസിസത്തിനെതിരെ ഒരു സിനിമ**



ഒരു ചെറിയ പഞ്ചതന്ത്രക്കഥ കേട്ടിട്ടുണ്ടോ? പണ്ട്, പണ്ട് ഒരിടത്തൊരു കാട്ടിൽ ധാരാളം പ്രാവുകൾ ഒരു വലിയ ആൽമരത്തിന് മുകളിൽ താമസിച്ചിരുന്നു. അവരുടെ കൂട്ടത്തിൽ ബുദ്ധിമാനായ ഒരു വയസൻ പ്രാവ് ഉണ്ടായിരുന്നു.

ഒരു ചെറിയ വള്ളിച്ചെടി ആൽച്ചുവട്ടിൽ വളരുന്നത് ആ വൃദ്ധൻ കണ്ടു. വള്ളിച്ചെടി ഉടനെ നശിപ്പിച്ചില്ലെങ്കിൽ ആപത്താണെന്ന് ആ പ്രാവ് മറ്റ് പ്രാവുകളെ ഉപദേശിച്ചു. എന്നാൽ ആരും അത് കാര്യമാക്കിയില്ല. വള്ളിച്ചെടിയെ പിഴുതു മാറ്റാൻ വയസ്സൻ

▶▶ആദ്യത്തെ ഫിലിം ഫെസ്റ്റിവൽ നടന്ന സ്ഥലം- വെനീസ്

പ്രാവ് പരിശ്രമിച്ചെങ്കിലും വിജയിച്ചില്ല.

വള്ളിച്ചെടി പടർന്നു പന്തലിച്ചു. ഒരു ദിനം ഒരു വേടൻ വള്ളിച്ചെടിയിലൂടെ ആൽമരത്തിന് മുകളിലെത്തി വലവിരിച്ചു. വൻമരത്തിൽ കഴിയുന്ന തങ്ങളെ കെണിയിലാക്കാൻ ആർക്കും കഴിയില്ല എന്ന് അഹങ്കരിച്ചിരുന്ന പ്രാവുകൾ വലയിലായി. അപ്പോഴാണ് അവർക്ക് വയസ്സൻ പ്രാവിന്റെ ദീർഘദൃഷ്ടിയെപ്പറ്റി ബോധ്യമായത്. പക്ഷേ, അപ്പോഴേക്കും സമയം വളരെയേറെ വൈകിപ്പോയിരുന്നു.

## തിന്മകൾക്കെതിരെ കലാസൃഷ്ടികൾ

ഇതു പോലെയാണ് പല തിന്മകളും അനീതികളും സമൂഹത്തിൽ തലപൊക്കുന്നത്. അനീതിക്കെതിരായി ശബ്ദമുയർത്തുന്ന വിവേകശാലികളുടെ ഉപദേശങ്ങൾക്ക് നേരെ കണ്ണടയ്ക്കാതിരിക്കുക. അവരുടെ മുന്നറിയിപ്പുകളെ അവഗണിക്കാനും പാടില്ല. അനീതികൾക്കു മുന്നിൽ മൗനം പാലിക്കുന്നത് അവയെ സംരക്ഷിക്കുന്നതിന് തുല്യമാണ്.

ചില മഹത്തായ കലാസൃഷ്ടികൾ ദീർഘവീക്ഷണം പ്രകടിപ്പിക്കുന്നവയാണ്. സാഹിത്യരചനകളും, ചിത്രങ്ങളും, ചലച്ചിത്രങ്ങളുമൊക്കെ വരാനിരിക്കുന്ന പല വിപത്തുകളെയും മുൻകൂട്ടിക്കണ്ട് ലോകത്തിന് മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. അത്തരത്തിൽ ദീർഘദൃഷ്ടി പ്രകടിപ്പിച്ച ഒരു മഹത്തായ ചലച്ചിത്രമാണ് ചാർലി ചാപ്ലിന്റെ "ദ ഗ്രേറ്റ് ഡിക്റ്റേറ്റർ'.

## തിന്മകളുടെ വളർച്ച

സാമൂഹ്യ വിരുദ്ധരും വർഗ്ഗീയവാദികളും, ചേർന്ന് നമ്മുടെ ഈ സുന്ദരലോകത്തിൽ എത്രമാത്രം അശാന്തി പടർത്തുന്നുവെന്ന് കൂട്ടുകാർക്കറിയാമല്ലോ. ജാതിയുടെയും, വർഗ്ഗത്തിന്റെയും, മതത്തിന്റെയും പേരിൽ മനുഷ്യൻ മനുഷ്യനെ പൈശാചികമായി കൊന്നൊടുക്കുന്നു. പരസ്



പരം സ്നേഹത്തോടെയും, സാഹോദര്യത്തോടെയും കഴിയേണ്ടവർ കൊന്നും, കൊലവിളിച്ചും ജീവിതത്തെ നശിപ്പിക്കുന്നു.

ലോകമഹായുദ്ധങ്ങൾക്ക് തന്നെ കാരണമായിത്തീർന്ന ഇത്തരം ഭീകര കൃത്യങ്ങൾ മുമ്പും ലോകത്തിന്റെ പല പല കോണുകളിൽ നടമാടിയിരുന്നു. വളരെ ഇടുങ്ങിയ ചിന്താഗതികൾ പുലർത്തിയ ഫാസിസവും, നാസിസവുമൊക്കെ ലക്ഷക്കണക്കിനാളുകളുടെ ജീവിതങ്ങൾ കവർന്നെടുത്തു. അനേകായിരം സൈനികർക്ക് പുറമെ കോൺസൻട്രേഷൻ ക്യാമ്പുകളിലെ നരക യാതനയാൽ സാധാരണക്കാരും, സ്ത്രീകളും, നിഷ്കളങ്കരായ കുഞ്ഞുങ്ങളും ഇഞ്ചിഞ്ചായി കൊല്ലപ്പെട്ടു.

ഹിറ്റ്ലറുടെ നേതൃത്വത്തിൽ ജർമ്മനിയിൽ ഉദയംചെയ്ത നാസിസം എന്ന വംശ സിദ്ധാന്തവും അതിന്റെ സംഘടനയും ആര്യന്മാരാണ് ലോകത്തിലെ ഏറ്റവും ശ്രേഷ്ഠരെന്നും, ജൂതന്മാരും കമ്മ്യൂണിസ്റ്റുകളടക്കമുള്ള ഇതര വിഭാഗങ്ങളെ ലോകത്ത് നിന്നും ഉന്മൂലനം ചെയ്യണമെന്നും വിശ്വസിച്ചു. അതിനായി അവർ ചെയ്ത ക്രൂരതകൾ ചരിത്രത്തിലിപ്പോഴും രക്തക്കറകളായി അവശേഷിക്കുന്നു. അവ ഇന്നും ലോകത്ത് പല പേരുകളിൽ, പല രൂപങ്ങളിൽ തുടർന്നു കൊണ്ടേയിരിക്കുന്നു.

## ചാപ്ലിന്റെ സാമൂഹ്യ പ്രതിബദ്ധത

നാസിസത്തിന്റെ വിപത്തുകളെപ്പറ്റി മുന്നറിപ്പ് നൽകിയ ചലച്ചിത്രമാണ് ചാർളി ചാപ്ലിന്റെ 'ദ ഗ്രേറ്റ് ഡിക്റ്റേറ്റർ' എന്ന് നേരത്തേ പറഞ്ഞുവല്ലോ. ചാപ്ലിൻ എന്ന പേര് കേൾക്കുമ്പോൾ നമ്മുടെ ചുണ്ടുകളിൽ പുഞ്ചിരി വിടരും അല്ലേ? അദ്ദേഹത്തിന്റെ തമാശകളും കോമാളിത്തരങ്ങളും മനസ്സിലുണരും. എന്നാൽ അദ്ദേഹം സമൂഹത്തിൽ നടമാടിയിരുന്ന അനീതികളെയും, വിപത്തുകളെയും ഹാസ്യത്തിന്റെ മേമ്പൊടിയിലൂടെ അതിശക്തമായി വിമർശിച്ചു.

ലോകശാന്തിക്ക് വെല്ലുവിളി ഉയർത്തിയ ഹിറ്റ്ലറെ അതിരൂക്ഷമായി വിമർശിക്കുന്ന 'ദ ഗ്രേറ്റ് ഡിക്റ്റേറ്റർ' എന്ന ചലച്ചിത്രത്തിന് ഇന്നും കാലിക പ്രാധാന്യമുണ്ട്.

1929 മുതൽ തന്നെ ഫാസിസവും, നാസിസവുമൊക്കെ യൂറോപ്പിൽ ശക്തമായ തേരോട്ടം തുടങ്ങിയിരുന്നു. കൂടാതെ തീവ്രമായ ദേശീയതയും,



▸▸വെള്ളത്തിന്റെ രാസനാമം- ഹൈഡ്രജൻ ഓക്സൈഡ്

സൈനികവത്ക്കരണവുമൊക്കെ രാജ്യങ്ങൾ തമ്മിലുള്ള കുടിപ്പകകൾ രൂക്ഷമാക്കി. സാമ്പത്തിക മാന്ദ്യത്താൽ നട്ടംതിരിഞ്ഞ സാധാരണക്കാർക്ക് മോഹനവാഗ്ദാനങ്ങൾ നൽകി അധികാരത്തിലേറിയവർ ഒട്ടും വൈകാതെ അവരുടെ തനിനിറം പുറത്തുകാട്ടി.



ചാർളി ചാപ്ലിൻ

ഹിറ്റ്ലറും, മുസോളിനിയും പോലുള്ള സ്വേച്ഛാധിപതികളുടെ ചെയ്തികൾ 1939ൽ തുടങ്ങി 1945ൽ അവസാനിച്ച രണ്ടാം ലോകമഹായുദ്ധത്തിലേക്ക് ലോകരാജ്യങ്ങളെ നയിച്ചു. കാരണങ്ങളെന്തായാലും യുദ്ധം നാശം മാത്രമേ വിതക്കാറുള്ളൂ. ചില നേതാക്കന്മാരുടെ അധികാരക്കൊതി ലോകത്തെ എത്ര കലുഷിതമായ അവസ്ഥയിലേക്കാണ് എത്തിക്കുന്നതെന്ന് 'ദ ഗ്രേറ്റ് ഡിക്റ്റേറ്റർ' എന്ന ചിത്രം പറഞ്ഞു തരുന്നു.

## ചിത്രത്തിലൂടെ

1940 ഒക്റ്റോബർ 15നാണ് ഈ ചിത്രം റിലീസ് ചെയ്തത്. ചിത്രത്തിന്റെ രചനയും, സംവിധാനവും, നിർമ്മാണവും നിർവ്വഹിച്ചത് ചാർളി ചാപ്ലിനായിരുന്നു. കൂടാതെ ഈ ചിത്രത്തിലെ സംഗീത സംവിധാനത്തിലും ഇദ്ദേഹം പങ്കാളിയായി. അതു മാത്രമല്ല, ദ ഗ്രേറ്റ് ഡിക്റ്റേറ്ററിൽ ചാപ്ലിൻ ഇരട്ട വേഷങ്ങൾ അഭിനയിച്ചു. ചിത്രത്തിലെ ക്രൂരനായ ഏകാധിപതിയായും, നിഷ്കളങ്കനായ ബാർബറായും ചാർളി ചാപ്ലിൻ തകർത്തഭിനയിച്ചു.

പൗലെറ്റ് ഗൊദാർദ് എന്ന നടിയായിരുന്നു ഈ ചിത്രത്തിലെ നായിക. ആ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ സാമ്പത്തിക നേട്ടമുണ്ടാക്കിയ ചിത്രങ്ങളിലൊന്നായിരുന്നു ദ ഗ്രേറ്റ് ഡിക്റ്റേറ്റർ.

"അഡിനോയിഡ് ഹൈങ്ക്ലെ' എന്ന ചാപ്ലിൻ അഭിനയിച്ച കഥാപാത്രം ജർമ്മനിയിലെ ഏകാധിപതിയായിരുന്ന അഡോൾഫ് ഹിറ്റ്ലറിനെയാണ് പ്രതിനിധീകരിച്ചത്. ജൂതമതക്കാരനായ ഒരു ബാർബറുടെ

▸▸രണ്ട് വേലിയേറ്റങ്ങൾക്കിടയിലുള്ള ഇടവേള- പന്ത്രണ്ട് മണിക്കൂർ 25 മിനിറ്റ്



*ദ ഗ്രേറ്റ് ഡിക്‌റ്റേറ്ററിലെ ഒരുരംഗം*

വേഷത്തിലും ചാപ്ലിൻ തിരശ്ശീലയിൽ പ്രത്യക്ഷപ്പെട്ടു.

രണ്ടു വർഷമെടുത്താണ് ചാപ്ലിൻ ഈ ചിത്രത്തിന്റെ തിരക്കഥ പൂർത്തിയാക്കിയത്. 1939 സെപ്റ്റംബർ മാസത്തിൽ ചിത്രത്തിന്റെ ചിത്രീകരണം ആരംഭിച്ചു. ഹിറ്റ്‌ലറുടെ അധികാരക്കൊതിയും, നാസികളുടെ ക്രൂരമനോഭാവവും, മനുഷ്യ ജീവനുകളോട് അവർ കാട്ടിയ പുച്ഛവും, പ്രതികാരവുമൊക്കെ ലോകജനതയ്ക്ക് മുന്നിൽ എത്തിക്കുക എന്നതായിരുന്നു ചാപ്ലിന്റെ ലക്ഷ്യം.

നാസികളുടെ യഥാർത്ഥ ക്രൂര കഥകൾ താനറിഞ്ഞതുകൊണ്ടാണ് തനിക്കീ ചിത്രം സൃഷ്ടിക്കാൻ കഴിഞ്ഞത്. എന്ന് 1964ൽ പുറത്തിറങ്ങിയ ആത്മകഥയിൽ ചാപ്ലിൻ വെളിപ്പെടുത്തിയിട്ടുണ്ട്. അ ത്രയും പൈശാചികമായാണ് നാസികൾ ജൂതന്മാരോട് പെരുമാറിയിരുന്നത്.

ചാപ്ലിന്റെ ആദ്യ ശബ്ദ ചിത്രം കൂടിയായിരുന്നു ദ ഗ്രേറ്റ് ഡിക്‌റ്റേറ്റർ. ഹിറ്റ്‌ലറുടെ അഹങ്കാരോന്മാദവും, അധികാര ഗർവ്വും ചിത്രീകരിക്കുന്നതിൽ ഈ ചിത്രം വിജയിച്ചു. ഒരു പ്രസംഗത്തോടെയാണ് ഈ ചിത്രം അവസാനിക്കുന്നത്. ചാപ്ലിന്റെ രാഷ്ട്രീയ നിലപാടുകൾ ആറ് മിനിട്ട് നീണ്ടു നിന്ന ഈ പ്രസംഗത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

ക്യാമറയെ അഭിമുഖീകരിച്ച് ചാപ്ലിൻ ചെയ്ത ഈ പ്രസംഗദൃശ്യം ഇന്നും ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. ഹിറ്റ്‌ലറെ പോലൊരു ഭീകര സത്വം ആക്രമണ പരമ്പരകൾ തുടരുമ്പോൾ തനിക്ക് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല എന്നും, അതിനാലാണ് ഈ ചലച്ചിത്ര നിർമ്മാണവുമായി മുന്നോട്ട് പോയതെന്നും ചാപ്ലിൻ പിൽക്കാലത്ത് വെളിപ്പെടുത്തി.

(തുടരും)

● ശാലിനി വി.എസ് നായർ